പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1993 **26-10-2026-ൽ മറുപടിയ്ക്ക്**

വിതുര താലൂക്ക് ആശുപത്രിയുടെ പ്രവർത്തനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. ജി. സ്റ്റീഫൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തിയേറ്ററും ലേബർ റൂമും പ്രവർത്തനക്ഷമമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ; ഇതുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കായി അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

മറുപടി: അരുവിക്കര നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന വിതുര താലൂക്ക് ആശുപത്രിയിലെ ഓപ്പറേഷൻ തീയറ്ററും സജീകരിക്കുന്നതിനും, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് സ്ഥാപിക്കുന്നതിനുമായി NHM Supplementary ROP പദ്ധതി പ്രകാരം 69.03 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ചുമതല സംസ്ഥാന നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിച്ചിട്ടുള്ളതും പദ്ധതി നടപ്പിലാക്കുന്നതിനായി സൈറ്റ് കൈമാറിയിട്ടുള്ളതുമാണ്. പദ്ധതിയുടെ ഭാഗമായി നവീകരണ പ്രവർത്തനങ്ങൾ ഉടൻ തന്നെ ആരംഭിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ